# നഗരത്തിൽ വായനവസന്തം

## പുസ്തകോത്സവത്തിന് പ്രൗഢോജ്ജ്വല തുടക്കം

**ന്യൂഡൽഹി ▸** വായനയുടെ പുതുമയും വ്യത്യസ്തതയും വിളിച്ചോതാൻ നഗരത്തിൽ പുസ്തകോത്സവം. ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി സാംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന 'പുസ്തക്യാൻ' പുസ്തകോത്സവത്തിന് മണ്ഡി ഹൗസ് ഫിറോസ്ഷാ റോഡിലെ രബീന്ദ്ര ഭവൻ കോംപ്ലക്സിൽ തുടക്കമായി.

വെള്ളിയാഴ്ച നടന്ന ചടങ്ങിൽ പ്രശസ്ത എഴുത്തുകാരി നാസിറാ ശർമ പ്രദർശനം ഉദ്ഘാടനം ചെയ്തു. കഥ, കവിത, നോവൽ, ലേഖനം എന്നിങ്ങനെ നിരവധി വിഭാഗങ്ങളിലായുള്ള ചെറുതും വലുതുമായ നൂറു കണക്കിന് പുസ്തകങ്ങളാണ് പുസ്തകോത്സവത്തിൽ പ്രകാശനം ചെയ്തിരിക്കുന്നത്. രാജ്യത്തുടനീളമുള്ള മുപ്പത്തിയഞ്ചോളം പ്രമുഖ പ്രസാധകരുടെ മുപ്പതിലധികം സ്റ്റാളുകളാണ് പരിപാടിയുടെ മുഖ്യ ആകർഷണം.




പ്രസാധകരംഗത്തെ പ്രമുഖ സ്ഥാപനങ്ങളെല്ലാം ഒത്തുചേർന്ന മേളയിൽ പ്രദർശനത്തിനൊപ്പം വിൽപ്പനയും തകൃതിയാണ്. സാഹിത്യ അക്കാദമിയുടെ തന്നെ പുസ്തകങ്ങളും പ്രദർശനത്തിനുണ്ട്. കുട്ടികൾക്കായുള്ള പ്രത്യേക ബാലസാഹിത്യ കൃതികളും പുസ്തകങ്ങളും പ്രദർശനത്തിലുണ്ട്. ജീവചരിത്രങ്ങൾ, ശാസ്ത്രം തുടങ്ങിയ മേഖലകളിലെ പുസ്തകങ്ങളും മേളയിൽ ലഭ്യമാണ്.

ഭൂരിഭാഗം പുസ്തകങ്ങളും ഇംഗ്ലീഷിലും ഹിന്ദിയിലുമാണെങ്കിലും പ്രദേശിക ഭാഷയിലെ പ്രമുഖ പുസ്തകങ്ങളും പ്രദർശനത്തിൽ തുല്യ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാള പുസ്തകങ്ങളുടെ അതുല്യശേഖരവും ഒപ്പം തമിഴ്, രാജസ്ഥാനി, ഗുജറാത്തി തുടങ്ങിയ ഭാഷകളിലെ കൃതികളും പുസ്തക്യാനിലുണ്ട്. മലയാളത്തിലെ തനത് കൃതികൾക്കുപുറമെ, കന്നഡ, തമിഴ് തുടങ്ങിയ ഭാഷകളിലെ പുസ്തകങ്ങളുടെ വിവർത്തനവും മേളയിൽ പ്രദർശനത്തിനുണ്ട്. എഴുത്തിൽ വഴക്കം വന്നവരും എഴുതിത്തെളിഞ്ഞവരും എഴുതിവരുന്നവരുമടക്കം നിരവധി പേരാണ് പ്രദർശനം കാണാൻ ആദ്യദിനം തന്നെ രബീന്ദ്ര ഭവൻ കോംപ്ലക്സിൽ എത്തിയത്. നിരവധി പ്രശസ്തരും കുടുംബസമേതം എത്തുന്നുണ്ട്. വെള്ളിയാഴ്ച ആരംഭിച്ച പുസ്തക്യാൻ ഈ മാസം 18 വരെ തുടരും. രാവിലെ പത്തു മണിമുതൽ രാത്രി ഏഴു മണി വരെയാണ് പ്രദർശനം.

◀ മണ്ഡി ഹൗസ് ഫിറോസ്ഷാ റോഡിലെ രബീന്ദ്രഭവൻ കോംപ്ലക്സിൽ വെള്ളിയാഴ്ച ആരംഭിച്ച 'പുസ്തക്യാൻ' പുസ്തകോത്സവത്തിൽനിന്ന് |ഫോട്ടോ: പി.ജി. ഉണ്ണികൃഷ്ണൻ